ലുപരി, കോശദ്രവ്യത്തിന്റെ 80% വും വെള്ളമാണ്. ക്വുർആൻ അവതരിക്കപ്പെട്ട് നൂറ്റാണ്ടുകൾക്ക് ശേഷമാണ് കോശദ്രവ്യത്തിന്റെ അപഗ്രഥനം നടന്നത്.

## പർവതങ്ങൾ സന്തുലനാവസ്ഥ പാലിക്കുന്നവ

ഭൗമോപരിതലത്തെ അതിന്റെ പ്രകമ്പനങ്ങളെ തടഞ്ഞുകൊണ്ട് സന്തുലിതാവസ്ഥയിൽ നിലനിർത്തുന്നതിൽ പർവതങ്ങൾ സുപ്രധാനപങ്കുവഹിക്കുന്നു. അല്ലാഹു പറയുന്നു:

**"ഭൂമി നിങ്ങളെയും കൊണ്ട് ഇളകാതിരിക്കുവാനായി അതിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങൾ അവൻ സ്ഥാപിച്ചിരിക്കുന്നു"( 16:15).**

ആധുനിക Plate Tectonics സിദ്ധാന്തം പർവതങ്ങൾ ഭൂമിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നവയാണെന്ന് സമ്മതിക്കുന്നു. പർവതങ്ങളുടെ സന്തുലിതാവസ്ഥാ പാലനം പ്ലൈറ്റ് ടക്ടോണിക്സ് ന്റെ ചട്ടക്കൂടുകളിൽ നിന്നും ശാസ്ത്രകാരന്മാർ ഇനിയും മനസ്സിലാക്കാൻ തുടങ്ങിയതേയുള്ളു.

## ആധുനിക ശാസ്ത്രകാരന്മാർ എന്തുപറയുന്നു?

ഡോ: കെയ്ത് മൂർ (അനാട്ടമി, സെൽ ബയോളജി പ്രൊഫസർ, മെഡിക്കൽ കോളജ് പ്രൊഫസർ, അനാട്ടമി വിഭാഗം ചെയർമാൻ എന്ന നിലകളിൽ സേവനം. The Developing Human എന്ന അദ്ദേഹത്തിന്റെ രചന എട്ട് ഭാഷകളിലേക്ക് ഭഷാന്തരം ചെയ്യപ്പെട്ടു. അമേരിക്കയിലെ ഒരു പ്രത്യേക സമിതി ഒരു വ്യക്തിയാൽ രചിക്കപ്പെട്ട ഏറ്റവും നല്ല ഗ്രന്ഥം എന്ന ബഹുമതി നൽകുകയുണ്ടായി.

ഒരു സമ്മേളന സദസ്സിൽ ഡോ. കെയ്ത് മൂർ പറഞ്ഞു: "മനുഷ്യവളർച്ചാഘട്ടങ്ങളെ സംബന്ധിച്ചുള്ള ക്വുർആനിക പ്രസ്താവനകൾ വിശദമാക്കാൻ കഴിഞ്ഞതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഈ പ്രസ്താവനകളെല്ലാം തന്നെ മുഹമ്മദിന് ദൈവത്തിൽ നിന്ന് ലഭിച്ചതാകാനെ തരമുള്ളൂ എന്ന കാര്യത്തിൽ എനിക്ക് സന്ദേഹമില്ല. കാരണം എത്രയോ നൂറ്റാണ്ടുകൾക്ക് ശേഷം മാത്രമാണ് ഈ വിജ്ഞാനത്തിലെ ഏതാണ്ട് എല്ലാ വശങ്ങളും കണ്ടുപിടിക്കപ്പെട്ടത്. മുഹമ്മദ് ഒരു ദൈവദൂതൻ തന്നെ എന്ന് ഇതെനിക്ക് തെളിവു നൽകുന്നു".

ഡോ: T.V.N. പെർസോദ് (കാനഡയിലെ മാനിറ്റോബ സർവകലാശാലയിലെ അനാട്ടമി പ്രൊഫസർ, ശിശു രോഗ പ്രൊഫസർ, സ്ത്രീരോഗ, പ്രതുത്പാദനവിഭാഗം പ്രൊഫസർ എന്ന നിലകളിലും അനാട്ടമി വിഭാഗം ചെയർമാൻ എന്ന നിലയിൽ 16 വർഷ സേവനം, 22 പാഠപുസ്തകങ്ങളുടെ രചയിതാവും എഡിറ്ററും 181 ഗവേഷണ പ്രബന്ധങ്ങളുടെ രചയിതാവും ആണ്. കനേഡിയൻ അസോസിയേഷൻ ഓഫ് അനാട്ടമിസ്റ്റ്സ് ന്റെ ജെ.സി.ബി. ഗ്രാന്റ് എവാർഡ് എന്ന സവിശേഷ ബഹുമതി നേടിയ വ്യക്തി) ഗവേഷണം നടത്തിയ ക്വുർആനിലെ ശാസ്ത്രാത്ഭുതങ്ങളെ സംബന്ധിച്ചുള്ള ചോദ്യത്തിന് നൽകിയ മറുപടി ഇപ്രകാരമായിരുന്നു:


'നിങ്ങളിൽ നിരക്ഷരനായ ഒരാൾ ചിന്തോദ്ദീപകമായ ഒട്ടേറെ പ്രസ്താവനകൾ നടത്തുകയും അവയെല്ലാം അതിശയകരമാം വിധം ശാസ്ത്രീയമായി കൃത്യത പുലർത്തുകയും ചെയ്യുന്നു. ഇത് വെറുമൊരു സംഭവമായി ഗണിക്കാൻ വ്യക്തിപരമായി എനിക്ക് സാധ്യമല്ല. അവയിലെ കൃത്യതകൾ ഒരു ദൈവിക വെളിപാടിൽ നിന്നുണ്ടായതെന്നു പറയാൻ ഡോ: മൂറിനെപോലെ എനിക്കും പ്രയാസങ്ങളേതുമില്ല".

## ഉപസംഹാരം

ക്വുർആൻ പരാമർശിച്ച എത്രയോ ശാസ്ത്രസത്യങ്ങളുടെ ഒളിനോട്ടങ്ങൾ മാത്രമാണ് ഈ ലഘുലേഖ നൽകിയിരിക്കുന്നത്. സ്ഥല പരിമിതി മൂലം ജല പരിക്രമണത്തെകുറിച്ചും, സമുദ്രങ്ങൾ, ഗോള ശാസ്ത്രം, ചരിത്രം, മനുഷ്യ ആന്തരിക ഘടനകൾ, മറ്റ് ജീവ-സസ്യലതാതികൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള ക്വുർആനിക പരാമർശങ്ങൾ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം കണ്ടുപിടുത്തങ്ങൾ നടത്താൻ വിജ്ഞാനമോ ശാസ്ത്ര സാങ്കേതികതയോ ഉപകരണ വൈദഗ്ധ്യമോ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ 1400 വർഷങ്ങൾക്ക് മുൻപാണ് ഇത്രയും ശാസ്ത്ര സത്യങ്ങൾ അവതരിക്കപ്പെട്ടത്. ഈ യാഥാർഥ്യങ്ങൾ മാത്രമല്ല ക്വുർആനിന്റെ ശിഷ്ടഭാഗവും ദൈവിക വെളിപാടു തന്നെയാണ് അഥവാ ഈ പ്രപഞ്ചവും അതിലെ സകലതും സൃഷ്ടിച്ച ഏക സത്യദൈവത്തിന്റെ ബോധനമാണെന്ന സത്യമാണ് ഇതെല്ലാം തെളിയിക്കുന്നത്. ക്വുർആനിന്റെ ചേതോഹാരിതയും സത്യതയും വായിച്ച് മനസ്സിലാക്കുന്നവരിൽ ഉൾപ്പെടുക. അതുവഴി ഈ ലോകത്തിന്റെയും വരാനിരിക്കുന്ന ലോകത്തിന്റെയും ഭംഗിയും യാഥാർഥ്യവും കണ്ടെത്താൻ താങ്കൾക്ക് സാധ്യമാകട്ടെ!


NICHE OF TRUTH
PB No.832 | Poothole | Thrissur-4 | Kerala | India
Tel: +91 9746547777

Mathilakath Apartments | Near Municipal Stadium
Thazhepalam | Tirur-7 | Tel: 0494 2431572
Email: mail@nicheoftruth.org | Web: www.nicheoftruth.org

# ശാസ്ത്രം ഇസ്‌ലാമിൽ

"ഇത് (ക്വുർആൻ) സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽ തന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചു കൊടുക്കുന്നതാണ്"
ക്വുർആൻ 41:53

ഇസ്‌ലാമിനെ അറിയുക


www.nicheoftruth.org

മാനവികതക്കായ് ദൈവത്തിൽ നിന്നുള്ള അന്തിമ ദിവ്യബോധനമാണ് ക്വുർആൻ. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അവതീർണമായ ക്വുർആൻ തനതായ നിലക്ക് ഒരു ശാസ്ത്ര ഗ്രന്ഥമല്ല എങ്കിലും ശാസ്ത്ര സാങ്കേതികത പുരോഗതിയാർജിച്ച സമീപകാലത്ത് മാത്രം കണ്ടെത്താനായ പല ശാസ്ത്ര സത്യങ്ങളും അതുൾക്കൊള്ളുന്നു. അതിലുപരി, ശാസ്ത്രവിരുദ്ധ നിലപാടിനു പകരം ശാസ്ത്രീയ ഗവേഷണങ്ങൾക്ക് അത് പ്രോത്സാഹനം നൽകുന്നു. സൃഷ്ടി പ്രകൃതിയെ സംബന്ധിച്ചുള്ള പഠനവും അറിവും സ്രഷ്ടാവിനെ പ്രകീർത്തിക്കുവാനും അവന്റെ ശക്തിപ്രഭാവ മാഹാത്മ്യം അറിയുവാനും നിശ്ചയം മനുഷ്യനെ പ്രാപ്തമാക്കുന്നു.

## മനുഷ്യ ഭ്രൂണവളർച്ച

മനുഷ്യ ഭ്രൂണവളർച്ചയുടെ വിവിധ ഘട്ടങ്ങളെ കുറിച്ച് ദൈവം ക്വുർആനിൽ പറയുന്നു

“തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെവളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു” (23:12-14).





**ചിത്രം-1**
**"അലഖ'ഘട്ടത്തിൽ മനുഷ്യ ഭ്രൂണത്തിനും കുളയട്ടക്കുമുള്ള രൂപസാദൃശ്യം വ്യക്തമായി കാണാം.**

‘അലഖ’ എന്ന അറബി പദത്തിന് മൂന്ന് അർഥങ്ങളുണ്ട്.


(1). കുളയട്ട- അലഖ ഘട്ടത്തിലെ ഭ്രൂണത്തെ അട്ടയുമായി താരതമ്യം ചെയ്യുമ്പോഴുള്ള രൂപ സാദൃശ്യം പരിഗണിച്ച്. അട്ടയെ പോലെ മാതാവിന്റെ രക്തത്തിൽ നിന്നാണ് ഈ ഘട്ടത്തിലെ ഭ്രൂണത്തിന് പോഷണം ലഭിക്കുന്നത്. (ചിത്രം 1 കാണുക)

(2). അള്ളിപ്പിടിച്ച് കിടക്കുന്ന വസ്തു - ചിത്രം 2ൽ നാം കാണുന്ന രൂപമാണിത്.

(3). രക്ത പിണ്ഡം-ഈ ഘട്ടത്തിലെ ഭ്രൂണ രൂപവും അറകളും ഒരു രക്തക്കട്ടക്ക് സമാനമാണ്. രക്തത്തിന്റെ അളവിലുള്ള വർധനവാണ് ഇതിനു നിദാനം. (ചിത്രം-3)





**ചിത്രം –:**
**[അലഖ ഘട്ടത്തിലെ ഭ്രൂണം ഗർഭപാത്രത്തിൽ അള്ളിപ്പിടിച്ചിരിക്കുന്നതായി കാണാം].**




**ചിത്രം-3: [അലഖ ഘട്ടത്തിലെ ഭ്രൂണത്തിന്റെ രക്ത സംക്രമണ വ്യവസ്ഥ.**(The Developing Human, Moore and Persaud, 5th ed.,p.65)

‘മുദുഗ’എന്ന അടുത്ത ഘട്ടത്തിന് ചവക്കപ്പെട്ട വസ്തു എന്നർഥമാണുള്ളത്. ചവക്കപ്പെട്ട ഒരു ‘ഗം’ പരിശോധിച്ചാൽ ഈ ഘട്ടത്തിലെ ഭ്രൂണ രൂപം മനസിലാക്കാവുന്നതാണ്. പുറകുവശത്ത് രൂപപ്പെടുന്ന കശേരു കോശങ്ങൾ (Somites) മൂലമണ് ഈ രൂപം കൈവരുന്നത്. Dr.Moore ന്റെ വാക്കുകളിൽ ചവക്കപ്പെട്ട ഒരു വസ്തുവിൽ ദൃശ്യമാകുന്ന ദന്ത ക്ഷതങ്ങൾക്ക് സമാനം.(ചിത്രം 4 കാണുക).




**ചിത്രം 4**
**എ: "മുദുഗ' ഘട്ടത്തിലുള്ള ഒരു ഭ്രൂണ ചിത്രം. ദന്തക്ഷതങ്ങൾ പോലെ കശേരു കോശങ്ങളെ പുറകുവശത്തായി കാണാം.**
(The Developing Human, Moore and Persaud, 5th ed.,p.79).-

**ബി: ചവക്കപ്പെട്ട ഒരു ഗം'ഇന്റെ ചിത്രം**

## ഗർഭാശയത്തിലെ 40 ദിനങ്ങൾ

**“നിങ്ങളിൽ ഓരോരുത്തരുടെയും സൃഷ്ടിപ്പ് മാതാവിന്റെ ഗർഭാശയത്തിൽ സമാഹരിക്കപ്പെടുന്നത് നാൽപത് ദിവസം കൊണ്ടാണ്...”**

**“ഭ്രൂണം 42 രാത്രികൾ പിന്നിടുമ്പോൾ ദൈവം അതിലേക്ക് ഒരു മാലാഖയെ നിയോഗിക്കുകയും അത് കേൾവി, കാഴ്ച, ചർമം, മാംസം അസ്ഥികൾ എന്നിവ രുപപ്പെടുത്തുകയും ചെയ്യും....”**


ഈ രണ്ടു പ്രവാചക വചനങ്ങൾ വായിക്കാനിടയായ പ്രൊഫസർ സിംപ്സൺ (അദ്ദേഹം ഹന്നജണിലെ ബൈലർ മെഡിക്കൽ കോളേജിലെ സ്ത്രീ രോഗ വിഭാഗം ചെയർമാനും, മനുഷ്യ ജനിതക-തന്മാത്രാ ശാസ്ത്ര വിഭാഗം പ്രൊഫസറുമാണ്) ആദ്യ 40 ദിനങ്ങൾ ഭ്രൂണ വളർച്ചയുടെ നിർണായകമായ ഇടവേള തന്നെയെന്ന് ചൂണ്ടിക്കാട്ടുകയുണ്ടായി. ആധുനിക ശാസ്ത്ര ഭാഷയിൽ ഭ്രൂണ വളർച്ചയുടെ ആറാമത്തെ ആഴ്ചയുടെ അന്ത്യത്തോടെ (42രാത്രികൾ) ആണ് കൈകാലുകളുടെ വളർച്ച ഏറെ പുരോഗതി പ്രാപിക്കുന്നത്. 4 മുതൽ 8 വരെയുള്ള ആഴ്ചകൾക്കിടയിൽ സംഭവിക്കുന്ന ദ്രുതഗതിയിലുള്ള വളർച്ച ഏറ്റവും വേഗതയാർജിക്കുന്നത് ഈ വേളയിലാണെന്നുമത്രെ ശാസ്ത്രമതം.

പ്രവാചക വചനത്തിലെ കൃത്യതയും സമ്പുഷ്ടതയും തന്നെ ഏറെ ആകർഷിച്ചതായി അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

## കൂടിക്കലരാത്ത ഇരു സമുദ്രങ്ങൾ

സമുദ്രങ്ങളെ കുറിച്ച് അല്ലാഹു പറയുന്നു: **“രണ്ട് കടലുകളെ (ജലാശയങ്ങളെ) തമ്മിൽ കൂടിച്ചേരത്തക്ക വിധം അവൻ അയച്ചുവിട്ടിരിക്കുന്നു. അവ രണ്ടിനുമിടക്ക് അവ അന്യോന്യം അതിക്രമിച്ച് കടക്കാതിരിക്കത്തക്കവിധം ഒരു തടസ്സമുണ്ട്” (ക്വുർആൻ 55:19-20).**

വ്യത്യസ്ത ഗുണങ്ങൾ പുലർത്തുന്ന സമുദ്രങ്ങൾ പരസ്പരം കൂടിക്കലരുന്നില്ല എന്ന ശാസ്തസത്യം സമുദ്ര ശാസ്ത്രകാരന്മാർ അടുത്തിടെ മാത്രമാണ് കണ്ടെത്തിയത്. അവയുടെ സാന്ദ്രതയിലെ വ്യത്യാസം നിമിത്തം പ്രതലബലം എന്ന് വിളിക്കപ്പെടുന്ന ഒരു ബാഹ്യബലത്താൽ സമീപത്തുള്ള രണ്ട് സമുദ്രങ്ങൾ പരസ്പരം കൂടിക്കലരുന്നതിൽ നിന്നും തടയപ്പെടുന്നു. അവക്കിടയിൽ സുതാര്യമായ ഒരു ഭിത്തി നിലനിൽക്കുന്നതുപോലെ. (ചിത്രം 5 നോക്കുക).




## ജീവജാലങ്ങളുടെ ജലത്തിൽ നിന്നുള്ള ഉത്ഭവം

**“എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു” (ക്വുർആൻ 24:45).**

ജൈവ വസ്തുക്കളുടെ പ്രധാനഘടകം വെള്ളമാണ്. ജീവജാലങ്ങളുടെ തൂക്കത്തിന്റെ 50%-90% ഉം ജലമാണ്. അതി